# ദൂത് 2: നമ്മുടെ മാതൃകയായി ക്രിസ്തുവിനെ അറിയുകയും എടുക്കുകയും ചെയ്യുക



## I. ക്രിസ്തുവിനെ അനുഭവമാക്കുന്നതിനും ക്രിസ്തുവിനെ ജീവിക്കുന്നതിനും, നാം അവനെ നമ്മുടെ മാതൃകയായി അറിയുകയും അവനെ നമ്മുടെ മാതൃകയായി എടുക്കുകയും വേണം

- 2:5-11-ൽ പൗലൊസ് ക്രിസ്തുവിനെ മാതൃകയായി അവതരിപ്പിക്കുന്നു; ഈ മാതൃക നമ്മിലേക്ക് സന്നിവേശിപ്പിക്കപ്പെടേണ്ടത് നമുക്കാവശ്യമാണ്. ക്രിസ്തീയ ജീവിതത്തിന്റെ മാതൃക തന്നെത്താൻ ഒഴിക്കുകയും, തന്നെത്താൻ താഴ്ത്തുകയും, ദൈവത്താൽ ഉയർത്തപ്പെടുകയും മഹത്വപ്പെടുത്തപ്പെടുകയും ചെയ്ത ദൈവ-മനുഷ്യ രക്ഷകനാണ്. കർത്താവ് ദൈവത്തോട് സമനായിരുന്നെങ്കിലും, ദൈവത്തോട് സമനായിരിക്കുന്നത് പിടിച്ചുവയ്ക്കുവാനുള്ള ഒരു നിധിയായി അവൻ കരുതിയില്ല; തനിക്കുണ്ടായിരുന്ന ദൈവരൂപം മാറ്റിവച്ചുകൊണ്ട് അവൻ തന്നെത്താൻ ഒഴിച്ചു. തന്റെ ജഡാവതാരത്തിൽ കർത്താവ് തന്റെ ദിവ്യപ്രകൃതം മാറ്റിയില്ല; ദൈവരൂപത്തിൽനിന്നും ഒരു അടിമയുടെ രൂപത്തിലേക്ക് അവൻ തന്റെ ബാഹ്യാവിഷ്കാരം മാത്രം മാറ്റി. കർത്താവ് "മനുഷ്യ സാദൃശ്യത്തിൽ" ആയിത്തീർന്നു. അവൻ ബാഹ്യമായി ഒരു മനുഷ്യനായി മനുഷ്യർക്ക് പ്രത്യക്ഷപ്പെട്ടു, എന്നാൽ ദൈവമെന്ന നിലയിൽ, ആന്തരികമായി അവന് ദൈവഭാവത്തിന്റെ യാഥാർഥ്യം ഉണ്ടായിരുന്നു. മരണത്തോളം—ക്രൂശിലെ മരണത്തോളം തന്നെ—അനുസരണമുള്ളവനായിത്തീർന്നതിലൂടെ ക്രിസ്തു അവനെത്തന്നെ താഴ്ത്തി. തന്നെത്താൻ താഴ്ത്തുന്നത് തന്നെത്താൻ ഒഴിക്കുന്നതിന്റെ മുമ്പോട്ടുള്ള പടിയായിരുന്നു. ക്രൂശിലെ മരണം ക്രിസ്തുവിന്റെ അപമാനത്തിന്റെ ഉച്ചസ്ഥിതിയായിരുന്നു. കർത്താവ് തന്നെത്തന്നെ അങ്ങേയറ്റം താഴ്ത്തി, എന്നാൽ ദൈവം അവനെ ഏറ്റവും ഉന്നതമായ കൊടുമുടിയിലേക്ക് ഉയർത്തുകയും, "സകല നാമത്തിനും മേലായ നാമം" അവന്റെ മേൽ ചൊരിയുകയും ചെയ്തു. ഒരു യഥാർഥ മനുഷ്യനായ യേശുവിനെ എല്ലാവരുടെയും കർത്താവാകുവാൻ ദൈവം ഉയർത്തി. ക്രിസ്തുവിന്റെ ഈ ഉയർത്തൽ പുനരുത്ഥാന ശക്തിയുടെ പ്രകടനമായിരുന്നു. [Phil. 2:6-9] അവൻ ദൈവരൂപത്തിൽ നിലനിൽക്കെ, ദൈവത്തോട് സമനായിരിക്കുന്നത് പിടിച്ചു വയ്ക്കുവാനുള്ള ഒരു നിധിയായി കരുതാതെ, തന്നെത്താൻ ഒഴിച്ച്, അടിമരൂപം എടുത്ത്, മനുഷ്യ, സാദൃശ്യത്തിലായിത്തീർന്ന്, വേഷത്തിൽ മനുഷ്യനായി കാണപ്പെട്ട്, തന്നെത്താൻ താഴ്ത്തി, മരണത്തോളം, ക്രൂശിലെ മരണത്തോളം തന്നെ, അനുസരണമുള്ളവനായിത്തീർന്നു. അതുകൊണ്ട് ദൈവവും അവനെ ഏറ്റവും ഉയർത്തി, സകല നാമത്തിനും മേലായ നാമം അവന്റെ മേൽ ചൊരിഞ്ഞു.

- ഏറ്റവും ഉയർന്ന ജീവനും സ്ഥാനവും ഉള്ള ഒരുവൻ എളിയ രീതിയിൽ ജീവിക്കുവാൻ മനസ്സുള്ളവനായിരിക്കും എന്നതാണ് ഈ മാതൃകയുടെ തത്ത്വം.

## II. നമ്മുടെ മാതൃകയായ ക്രിസ്തു വസ്തുനിഷ്ഠൻ മാത്രമല്ല, വ്യക്തിനിഷ്ഠനും അനുഭവപരനുമാണ്

- മാതൃക സ്ഥാപിച്ചവനും താൻതന്നെ മാതൃകയായിരിക്കുന്നവനും ഇപ്പോൾ ഉൾവസിക്കുന്ന ദൈവമായി നമ്മുടെ ഉള്ളിൽ വ്യാപരിച്ചുകൊണ്ടിരിക്കുന്നു. നമുക്ക് ഏറ്റവും ഉയർന്ന നിലവാരമോ ഏറ്റവും ഉയർന്ന സ്ഥാനമോ ഉണ്ടെങ്കിൽപോലും നാം അതിനെ മുറുകെപിടിക്കരുത് എന്നതാണ് നമ്മുടെ ജീവിതത്തിനായുള്ള ആന്തരിക മാതൃകയെന്ന നിലയിൽ ക്രിസ്തുവിന്റെ തത്ത്വം. തന്റെ മനുഷ്യജീവിതത്തിൽ, പ്രത്യേകിച്ച് അവൻ തന്നെത്തന്നെ ഒഴിക്കുകയും താഴ്ത്തുകയും ചെയ്തതിലും ദൈവവുമായുള്ള സമത്വം ഒരു നിധിയായി പിടിച്ചുവയ്ക്കാതിരിക്കുകയും ചെയ്ത കാര്യത്തിൽ, നാം ക്രിസ്തുവിനോടുകൂടെ കൂട്ടാളികളായിരിക്കണം. നമ്മുടെ മാതൃകയായ ക്രിസ്തു ഇപ്പോൾ നമ്മുടെ ഉള്ളിലെ ജീവനാണ്. നമ്മിലുള്ള ജീവൻ സ്വയം-ഒഴിക്കുന്നതും സ്വയം-താഴ്ത്തുന്നതുമായ ഒരു ജീവനാണ്; ഈ ജീവൻ ഒരിക്കലും ഒരു നിധിയായി ഒന്നിനെ മുറുകെപിടിക്കുന്നില്ല, പ്രത്യുത സ്ഥാനവും പദവിയും മാറ്റിവയ്ക്കുവാൻ എപ്പോഴും മനസ്സുള്ളതാണ്. ഫിലിപ്പിയർ 2:5-8-ലെ ക്രിസ്തുവിന്റെ അപമാനത്തിന്റെ പടികൾ പൂർണമായ രീതിയിൽ ജീവിച്ചു വെളിപ്പെട്ട ക്രൂശിക്കപ്പെട്ട ജീവന്റെ എല്ലാ വശങ്ങളുമാണ്. ക്രൂശിക്കപ്പെട്ട ജീവനെ നമ്മുടെ മാതൃകയായി എടുക്കുന്നത് പുനരുത്ഥാനത്തിനുള്ള കവാടം തുറക്കുകയും പുനരുത്ഥാനശക്തിയിലേക്ക് നമ്മെ കൊണ്ടുവരുകയും ചെയ്യുന്നു. ഭൂമിയിലെ ഏറ്റവും ഉന്നതമായ ജീവൻ ക്രൂശിക്കപ്പെട്ട ജീവനാണ്; നാം ക്രൂശിക്കപ്പെട്ട ജീവിതം നയിക്കുമ്പോഴെല്ലാം, ദൈവം നമ്മെ പുനരുത്ഥാനശക്തിയിലേക്ക് കൊണ്ടുവരും. പ്രപഞ്ചത്തിൽ വസ്തുനിഷ്ഠമായി മാത്രമല്ല, നമ്മുടെ ദൈനംദിന ജീവിതത്തിൽ വ്യക്തിനിഷ്ഠമായും ക്രിസ്തു ഉയർത്തപ്പെടണം. യേശു ക്രിസ്തുവിന്റെ ആത്മാവിന്റെ ധാരാളമായ സഹായം ക്രിസ്തുവിനെ ഉയർത്തുന്ന ശക്തിയാണ്. [Phil. 2:13] എന്തെന്നാൽ തന്റെ സുപ്രസാദത്തിനു വേണ്ടി ഇച്ഛിക്കുന്നതിനും പ്രവർത്തിക്കുന്നതിനും നിങ്ങളിൽ വ്യാപരിക്കുന്നവൻ ദൈവമാകുന്നു. [Col. 3:4] നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ... [Gal. 2:20] ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നത് ഞാൻ അല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു...

## III. നമ്മുടെ മാതൃകയായി നാം ക്രിസ്തുവിനെ എടുക്കണമെങ്കിൽ, ക്രിസ്തുവിന്റെ മനസ്സിനെ നമ്മുടെ മനസ്സായി നാം എടുക്കണം

- പൗലൊസ് ക്രിസ്തുവിനെ ബാഹ്യമായി തന്റെ ജീവിതമായും ആവിഷ്കാരമായും എടുക്കുക മാത്രമല്ല, ആന്തരികമായി ക്രിസ്തുവിന്റെ മനസ്സിനെ തന്റെ മനസ്സായും എടുത്തു. ക്രിസ്തുവിന്റെ മനസ്സ് നമ്മിലുണ്ടായിരിക്കുകയെന്നാൽ ഈ മനസ്സ് ജീവനുള്ള ഒന്നാകുന്നു എന്നാണ് അർഥമാക്കുന്നത്; വാസ്തവത്തിൽ, ക്രിസ്തുവിന്റെ മനസ്സ് ക്രിസ്തു തന്നെയാണ്, കാരണം ക്രിസ്തു എന്ന വ്യക്തി അവന്റെ മനസ്സിൽ വെളിവാകുന്നു. നാം നമ്മെത്തന്നെ തുറക്കുകയും "അതേ മനസ്സ്" നമ്മിൽ ഉണ്ടായിരിക്കുവാൻ അനുവദിക്കുകയും വേണം. ക്രിസ്തു തന്നെത്താൻ ഒഴിക്കുകയും, ഒരു അടിമരൂപം എടുക്കുകയും, തന്നെത്താൻ താഴ്ത്തുകയും, വേഷത്തിൽ ഒരു മനുഷ്യനായി കാണപ്പെടുകയും ചെയ്തപ്പോൾ ഇത്തരം ചിന്ത അവനിൽ ഉണ്ടായിരുന്നു. ഇങ്ങനെയുള്ള ഒരു മനസ്സ് ഉണ്ടായിരിക്കുന്നതിന് നമുക്ക് ക്രിസ്തുവിന്റെ അന്തർഭാഗങ്ങളിൽ അവനോട് ഒന്നായിരിക്കേണ്ടത് ആവശ്യമാണ്. [Phil. 2:5] ക്രിസ്തു യേശുവിലുള്ള അതേ മനസ്സ് നിങ്ങളിലും ഉണ്ടായിരിക്കട്ടെ. [Phil. 2:3-4] സ്വാർഥമോഹത്താലോ വ്യർഥമഹത്വത്താലോ ഒന്നും ചെയ്യാതെ, തങ്ങളെക്കാൾ മറ്റുള്ളവർ അധികം ശ്രേഷ്ഠർ എന്ന് മനസ്സിന്റെ താഴ്മയിൽ അന്യോന്യം കരുതിക്കൊണ്ട്, ഓരോരുത്തനും തന്റെ സ്വന്തം നന്മകളല്ല, മറ്റുള്ളവരുടെ നന്മകളും നോക്കിക്കൊണ്ട് എന്റെ സന്തോഷം പൂർണമാക്കുവിൻ.

## IV. പുത്രന്റെ കീഴ്പെടൽ നാം അറിയേണം

- കർത്താവായ യേശുവും പിതാവും ഒന്നാണെന്ന് ദൈവവചനം നമ്മോടു പറയുന്നു. പിതാവും പുത്രനും തുല്യരും, സമസർവശക്തരും, സഹവർത്തിക്കുന്നവരും, ഒരേ സമയം നിലനിൽക്കുന്നവരുമാണ്. ഫിലിപ്പിയർ 2:5-7 ഒരു ഭാഗവും, 8 മുതൽ 11 വരെയുള്ള വാക്യങ്ങൾ മറ്റൊരു ഭാഗവും ആണ്. ഒന്നാമത്തെ ഭാഗം ക്രിസ്തു തന്നെത്താൻ ഒഴിച്ചതിനെക്കുറിച്ചാണ്. രണ്ടാമത്തെ ഭാഗം ക്രിസ്തു തന്റെ മനുഷ്യത്വത്തിൽ തന്നെത്താൻ താഴ്ത്തുന്നതിനെക്കുറിച്ചാണ്. കർത്താവ് ഭൂമിയിലേക്ക് വന്നപ്പോൾ, അവൻ തന്റെ ദൈവഭാവത്തിന്റെ മഹത്വം, ശക്തി, സ്ഥാനം, സ്വരൂപം എന്നിവയിൽനിന്ന് തന്നെത്താൻ ഒഴിച്ചു. പിതാവ് അധികാരത്തിന്റെ പ്രാതിനിധ്യമായിത്തീരുകയും, പുത്രൻ കീഴ്പെടലിന്റെ പ്രാതിനിധ്യമായിത്തീരുകയും ചെയ്തു. കർത്താവ് അനുസരണമുള്ളവനായിത്തീർന്നുകൊണ്ട് തന്നെത്താൻ താഴ്ത്തി; ദൈവത്വത്തിലുള്ള അനുസരണം മുഴുവൻ പ്രപഞ്ചത്തിലും വച്ച് ഏറ്റവും അത്ഭുതകരമായ കാര്യമാണ്. നാം അധികാരത്തിന് കീഴ്പെടണം; ഇത് വലിയൊരു കാര്യമാണ്. നമുക്ക് ക്രിസ്തു യേശുവിൽ ഉണ്ടായിരുന്ന മനസ്സ് ഉണ്ടായിരിക്കണം. നമ്മുടെ സമർപ്പണത്തിന്റെ തത്ത്വമായി കർത്താവിന്റെ സമർപ്പണത്തിന്റെ തത്ത്വത്തെ എടുത്തുകൊണ്ട് നാം എല്ലാവരും നമ്മുടെ കർത്താവിന്റെ മാർഗം എടുക്കണം. മത്സരത്തേക്കാൾ ഹീനമായ പാപമില്ലെന്നും കീഴ്പെടലിനെക്കാൾ പ്രാധാന്യമുള്ള മറ്റൊന്നുമില്ലെന്നും ഈ തത്ത്വം അറിയുന്ന എല്ലാവരും മനസ്സിലാക്കും. കർത്താവ് കീഴ്പെട്ട വിധത്തിൽ കീഴ്പെടുന്നതിലൂടെ മാത്രമേ ദൈവത്തിന്റെ തത്ത്വം നിലനിർത്തുവാൻ കഴിയുകയുള്ളൂ. കർത്താവ് അനുസരണം പഠിച്ചത് കഷ്ടമനുഭവിച്ചതിലൂടെയാണെന്ന് എബ്രായർ 5:8 നമ്മോടു പറയുന്നു. കർത്താവ് ഭൂമിയിലേക്കു വന്നപ്പോൾ, അവൻ തന്നോടൊപ്പം അനുസരണം കൊണ്ടുവന്നില്ല; മറിച്ച്, അവൻ അത് കഷ്ടാനുഭവങ്ങളിലൂടെ പഠിച്ചു. രക്ഷ സന്തോഷം മാത്രമല്ല കൊണ്ടുവരുന്നത്; അത് കീഴ്പെടലിനെയും കൊണ്ടുവരുന്നു. കീഴ്പെടുന്നവർ മാത്രമേ രക്ഷയുടെ പൂർണത അനുഭവമാക്കുകയുള്ളൂ. ഒരുവൻ ദൈവത്തിന്റെ അധികാരത്തെ സന്ധിക്കുമ്പോൾ, കീഴ്പെടൽ ലളിതമായ ഒരു കാര്യമാണ്, ദൈവത്തിന്റെ ഹിതം അറിയുന്നതും ലളിതമായ ഒരു കാര്യമാണ്, കാരണം തന്റെ ജീവിതത്തിലുടനീളം കീഴ്പെട്ടിരുന്നവനായ കർത്താവ് തന്റെ കീഴ്പെടലിൻ ജീവനെ നമുക്ക് തന്നുകഴിഞ്ഞിരിക്കുന്നു. [Phil. 2:6] അവൻ ദൈവരൂപത്തിൽ നിലനിൽക്കെ, ദൈവത്തോട് സമനായിരിക്കുന്നത് പിടിച്ചു വയ്ക്കുവാനുള്ള ഒരു നിധിയായി കരുതാതെ. [John 10:30] ഞാനും പിതാവും ഒന്നാകുന്നു. [Heb. 5:8-9] പുത്രനായിരുന്നെങ്കിലും, അവൻ കഷ്ടമനുഭവിച്ച കാര്യങ്ങളിൽ നിന്ന് അനുസരണം പഠിച്ചു. തികഞ്ഞവനാക്കപ്പെട്ടിട്ട്, തന്നെ അനുസരിക്കുന്ന എല്ലാവർക്കും അവൻ നിത്യരക്ഷയുടെ സ്രോതസ്സായിത്തീർന്നു. [Phil. 2:9-11] അതുകൊണ്ട് ദൈവവും അവനെ ഏറ്റവും ഉയർത്തി, സകല നാമത്തിനും മേലായ നാമം അവന്റെ മേൽ ചൊരിഞ്ഞു, അത് യേശുവിന്റെ നാമത്തിൽ സ്വർലോകരുടെയും ഭൂലോകരുടെയും അധോലോകരുടെയും എല്ലാ മുഴങ്കാലും മടങ്ങേണ്ടതിനും, എല്ലാ നാവും യേശു ക്രിസ്തു കർത്താവ് എന്ന് പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി പരസ്യമായി ഏറ്റുപറയേണ്ടതിനും ആകുന്നു.